**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4625 — 18.05.2017- ൽ മറുപടിയ്ക്ക്

**എറവ്-പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമ പഞ്ചായത്തിലെ എറവ്-പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ആറാംകല്ല് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എറവ്-പരയ്ക്കാട് പരസ്പര സഹായ സഹകരണ സംഘത്തിൽ കൊടയാട്ടി കോൾപ്പടവിലെ കർഷകരാണ് അംഗങ്ങളായിട്ടുള്ളത്. സംഘത്തിൽ 8 അംഗ ഭരണസമിതിയാണ് നിലവിലുള്ളത്. 195 ഏക്കർ ഭൂമിയിൽ സംഘം നെൽ കൃഷി നടത്തിവരുന്നു. |
| (ബി) | പ്രസ്തുത സംഘം ഏറ്റെടുത്ത് നടത്തുന്ന കൊടയാട്ടി കോൾ പടവിലെ മുഴുവൻ കർഷകർക്കും സംഘത്തിൽ അംഗത്വം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൊടയാട്ടി കോൾപ്പടവിലെ മുഴുവൻ കർഷകർക്കും സംഘത്തിൽ അംഗത്വം നൽകാത്തത് സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (സി) | കോൾപടവിലെ എല്ലാ കർഷകർക്കും അംഗത്വം നൽകി അവരുടെ പൊതുയോഗം വിളിച്ച് ചേർത്ത് നെൽകൃഷി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | അംഗത്വം നൽകുന്നതിനും പൊതുയോഗം വിളിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സംഘത്തിന് നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**